**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3051** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ആകെ എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ 19486 ലക്ഷം രൂപയാണ് മത്സ്യതൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമ വികസന പ്രവർത്തനങ്ങൾക്കും തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വകയിരുത്തിയിട്ടുള്ളത്. അതിൽ 19465 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ പദ്ധതിയിതര ഇനത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തുകയും റീ അപ്രോപ്രിയേഷൻ മുഖേന ലഭ്യമായ തുക ഉൾപ്പെടെ 40.94 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നതിന് 45 കോടി രൂപ വകയിരുത്തുകയും 17.49 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ